ജനുവരി 2026 | വാല്യം 18 | ലക്കം 1

# നിർമ്മല മാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ



ഇടവക ദൈവാലയത്തിന്റെ നവീകരിച്ച മദ്ബഹാ

നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)
(For Private Circulation only)

# നവീകരിച്ച
# മൂവാറ്റുപുഴ ഈസ്റ്റ് നിർമ്മല മാതാ
# ദേവാലയത്തിന്റെ കൂദാശ





സ്നേഹിതരേ,

നമ്മുടെ **നവീകരിച്ച ദേവാലയത്തിന്റെ കൂദാശയും പുതിയ കൊടിമരത്തിന്റെ വെഞ്ചിരിപ്പു കർമ്മവും 2026 ജനുവരി 17–ാം തീയതി ഉച്ചകഴിഞ്ഞ് 4.30 ന്** നടക്കുകയാണ്. കോതമംഗലം രൂപതാദ്ധ്യക്ഷൻ **അഭി. മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ** തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നതും മുൻ രൂപതാദ്ധ്യക്ഷൻ **അഭി. മാർ ജോർജ്ജ് പുന്നക്കോട്ടിൽ** അനുഗ്രഹ പ്രഭാഷണം നടത്തുന്നതുമാണ്.

നിർമ്മലമാതാ ഇടവക സമൂഹത്തിന് ദൈവം നൽകിയ അളവറ്റ അനുഗ്രങ്ങൾക്ക് നന്ദി പറയുവാനും കൂദാശാകർമ്മത്തിൽ പങ്കുചേരാനും എല്ലാ ഇടവകാംഗങ്ങളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

*സ്നേഹാശംസകളോടെ..*

വികാരി
**ഫാ. ജോർജ്ജ് വടക്കേൽ**

കൈക്കാരന്മാർ
**ജെയിംസ് ജോസഫ് വടക്കേൽ**
**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ**

## പ്രോഗ്രാം

**4.15 P.M :** അഭി.പിതാക്കൻമാർക്ക് സ്വീകരണം

**4.30 P.M:** വി.കുർബാന, ദേവാലയകൂദാശ

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE

ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org

nirmalamathachurch@gmail.com

ജനുവരി 2026 വാല്യം – 18, ലക്കം –1




## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669, 7025366065

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 6282312349

email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744

**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918

**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513

**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുങ്ങാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി. വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



**നിർമ്മലാംബികേ**
**ഞങ്ങൾക്കുവേണ്ടി**
**അപേക്ഷിക്കണമേ**

*പേജുകളിലൂടെ...*


**3** വികാരിയച്ചന്റെ സന്ദേശം

**7** മക്കളെക്കുറിച്ച് ആധി ?

**13** വിശുദ്ധരുടെ പാതയിലൂടെ

**15** ബൈബിൾ ക്വിസ്

**17** വാർഡ് വാർത്തകൾ

**21** വാർഡ് പ്രാർത്ഥനാ ഭവനങ്ങൾ

**22** ദവാലയ വായനകൾ

**24** വിശുദ്ധ ഗ്രന്ഥ വായനകൾ


## നിർമ്മല മാതാ വോയ്സ് 18-ാം വാല്യത്തിൽ

*സ്നേഹിതരെ,*

*നമ്മുടെ ഇടവക ബുള്ളറ്റിൻ പ്രസിദ്ധീകരണം ആരംഭിച്ചിട്ട് 18 വർഷങ്ങൾ പൂർത്തിയായി. (കോവിഡ് മഹാമാരിയുടെ ഇടവവേള ഒഴിച്ച് 17 വാല്യങ്ങൾ) നാളിതുവരെ നിങ്ങൾ നൽകിയ വലിയ പിന്തുണയും സഹകരണവും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയും സഹായ സഹകരണങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.*

*പത്രാധിപ സമിതി*

## വികാരിയച്ചന്റെ സന്ദേശം

### *നഷ്ടപ്പെട്ട കർത്താവിനെ കണ്ടെത്തുക*



ഈശോയുടെ പന്ത്രണ്ടാം വയസ്സിൽ തിരുനാളിൽ പങ്കെടുക്കാൻ ജറുസലെമിൽ പോയിട്ട് തിരുനാൾ ദിവസങ്ങൾ കഴിഞ്ഞപ്പോൾ മാതാപിതാക്കൾ തിരികെ യാത്ര മടങ്ങിയെങ്കിലും ബാലനായ യേശു ജറുസലെമിൽ തങ്ങി. ഒരു ദിവസം കഴിഞ്ഞ് യേശു കൂടെയില്ലെന്ന വിവരം മനസ്സിലാക്കി അവർ മൂന്നു ദിവസം നീണ്ട യാത്രയുടെ അവസാനം ദൈവാലയത്തിൽ മടങ്ങിയെത്തി. പണ്ഡിതരായ യഹൂദരോടൊപ്പം ഇരുന്ന് ഈശോ ചോദ്യങ്ങൾ ചോദിക്കുകയും അവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നതായി മാതാപിതാക്കൾ കാണുന്നു. (ലൂക്കാ 2:41-52)

ക്രിസ്തു നഷ്ടപ്പെട്ടത് വഴിയിലല്ല, മറിച്ച് ഹൃദയത്തിലാണ്. ക്രിസ്തു അകന്നുപോയതല്ല മറിച്ച് ഞാൻ അവനിൽ നിന്ന് അകന്നുപോയതാണ്. ഈശോയെ ദൈവാലയത്തിൽ കാഴ്ചവച്ചപ്പോൾ യേശുവിന് രക്ഷകൻ എന്ന് അർത്ഥമുള്ള ഈശോ എന്ന പേര് നൽകി. പാപം മൂലം ദൈവത്തിൽ നിന്ന് അകന്ന് അധഃപതിച്ച മനുഷ്യകുലത്തെ രക്ഷിക്കാൻ കടന്നു വന്ന ദൈവകുമാരന് അനുയോജ്യമായ നാമം. അടിമത്തത്തിൽ കഴിഞ്ഞിരുന്ന യഹൂദന്മാരുടെ സ്വപ്നം ഭൗതികമായ സ്വാതന്ത്ര്യവും രാഷ്ട്രീയമായ വിമോചനവുമായിരുന്നു. എന്നാൽ ക്രിസ്തു സമ്മാനിച്ചതോ ആത്മീയമായ സ്വാതന്ത്ര്യവും ദൈവത്തെ 'പിതാവേ' എന്ന് വിളിക്കാനുള്ള അവകാശവും. ആത്മീയ സ്വാതന്ത്ര്യത്തിലൂടെ മാത്രമെ ഭൗതിക സ്വാതന്ത്ര്യം നേടാനാകൂ.

വി യൗസേപ്പും പരിശുദ്ധ മറിയവും തങ്ങളുടെ കുഞ്ഞിനെ ജറുസലേം ദൈവാലയത്തിലേക്ക് കൊണ്ടുപോകുന്നു. തങ്ങളുടെ സ്വന്തം ഇഷ്ടത്താലല്ല മറിച്ച് ദൈവ വചനത്തിന്റെ തെളിച്ചത്താലാണ് ശിശുവിന് ഈശോ എന്ന പേര് നൽകുന്നത്. വചനം അനുസരിച്ച് ജീവിക്കുന്ന ഒരു കുടുംബം. അതുകൊണ്ട് ആ കുടുംബത്തെ തിരുകുടുംബം എന്ന് വിളിച്ചു. നമ്മുടെ കുടുംബങ്ങളെ തിരുകുടുംബം എന്ന് വിളിക്കാനുള്ള സൂത്രവാക്യവും ഇതു തന്നെയാണ്. 'വചനം അനുസരിച്ച് ജീവിക്കുക.'

ദൈവത്തെ തിരിച്ചറിയാൻ ദൈവിക ചൈതന്യം ഉള്ളവർക്കെ സാധിക്കൂ. പരിശുദ്ധാത്മാവ് നിറഞ്ഞവനെ തിരിച്ചറിയുന്നത്. പരിശുദ്ധാത്മാവ് ആവസിച്ച ശിമയോനാണ്. ജറുസലേം ദൈവാലയത്തിൽ ലക്ഷക്കണക്കിന് ആളുകൾ ഒത്തു കൂടിയിരുന്നു. അവർക്കാർക്കും കർത്താവിനെ തിരിച്ചറിയാൻ സാധിച്ചില്ല. കാരണം പരിശുദ്ധാന്മാവ് അവരിൽ ആവസിച്ചിരുന്നില്ല. ദൈവത്വം തിരിച്ചറിയാനുള്ള അടിസ്ഥാന യോഗ്യത പരിശുദ്ധാത്മാവിന്റെ ആവാസമാണ്. നാം സ്വന്തമാക്കേണ്ടതും ഇത് തന്നെയാണ്. പരിശുദ്ധാത്മാവിനുവേണ്ടിയുള്ള അടങ്ങാത്ത ദാഹം. ഇത് മാത്രമാണ് പിശുദ്ധാത്മാവിനാൽ പൂരിതരാകാനുള്ള ഏക മാർഗ്ഗം.

വചനം പറയുന്ന പിശുദ്ധാത്മാവ് അവന്റെ മേൽ ഉണ്ടായിരുന്നു. അവൻ ദൈവഭക്തനും നീതിമാനും ഇസ്രായേലിന്റെ ആശ്വാസം പ്രതീക്ഷിച്ചിരുന്ന വനുമായിരുന്നു. (ലൂക്ക 2:25). ദൈവഭക്തി ഹൃദയത്തിന്റെ ഭാവമാണെങ്കിൽ നീതിബോധം ആന്തരിക വിശുദ്ധിയാണ്. സ്വന്തം സുഖവും സന്തോഷവുമല്ല മറിച്ച് വേദനിക്കുന്ന ഇസ്രായേൽ സമൂഹത്തിന്റെ ആശ്വാസമാണ് ശിമയോൻ സ്വപനം കണ്ടത്. ഇങ്ങനെയുള്ളവരുടെ മേൽ ആണ് പരിശുദ്ധാത്മാവ് ആവസിക്കുന്നത്.

സകല ജനത്തിനും വേണ്ടി രക്ഷ ഒരുക്കിയ ക്രിസ്തു വിവാദ വിഷയമായിരിക്കും (ലൂക്ക 2:31-34). ക്രിസ്തു എന്നും വിവാദ വിഷയമാണ് നമ്മുടെ ജീവിതത്തിൽ. ക്രിസ്തുവിനെ കണ്ടു മുട്ടുന്നവർക്ക് രണ്ടുവഴികളെ മുമ്പിലുള്ളൂ. ഒന്നുകിൽ അവനേ അനുഗമിക്കുക, അല്ലെങ്കിൽ തിരസ്കരിക്കുക. ഒന്നുകിൽ രക്ഷപെടുക.അല്ലെങ്കിൽ നശിക്കുക. തിരഞ്ഞെടുപ്പ് നമ്മുടേതാണ്. രക്ഷയും നാശവും നമ്മുടെ മുമ്പിലുണ്ട്. ശിമയോനും അന്നായും ദൈവം ഏല്പിച്ച ദൗത്യം നിറവേറ്റിയതിനുശേഷം അണിയറയിലേക്ക് അരങ്ങൊഴിയുന്നു. ഇതാണ് ക്രിസ്തീയ ജീവിത ശൈലി. ഞാൻ ഒന്നും ചെയ്തിട്ടില്ല. മറിച്ച് ദൈവം എന്നിലൂടെ പ്രവർത്തിച്ചു എന്ന മനോഭാവം നാം സ്വന്തമാക്കണം.

ബാലനായ യേശുവിനെ ദൈവാലയത്തിൽ കൊണ്ടുവന്ന ജോസഫിന്റേയും മറിയത്തിന്റെയും ജീവിതത്തിലെ വലിയ ദുരന്തമായിരുന്നു കർത്താവിനെ നഷ്ടപ്പെട്ടത്. ഒരു ദിവസത്തെ യാത്രയ്ക്കു ശേഷമാണ് അവർ തിരിച്ചറിയുന്നത്. കർത്താവിനെ തങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നുവെന്ന്.

അവർ തിരിച്ചു നടക്കുകയാണ് കർത്താവിനെ തേടി. മൂന്ന് ദിവസങ്ങൾക്കു ശേഷമാണ് കർത്താവിനെ അവർക്കു തിരിച്ചു കിട്ടുന്നത്. ഒരിക്കൽ കർത്താവിനെ നമ്മുടെ ജീവിതത്തിൽ നിന്ന് നഷ്ടപ്പെട്ടാൽ കർത്താവിനെ വീണ്ടും സ്വന്തമാക്കാൻ മൂന്ന് ഇരട്ടി അദ്ധ്വാനിക്കേണ്ടതായി വരും. അതിനാൽ കർത്താവിനെ നഷ്ടപ്പെടുത്താതെ ജീവിക്കാൻ പഠിക്കണം.

കർത്താവ് നഷ്ടപ്പെട്ടതറിഞ്ഞ ജോസഫും മറിയവും മൂന്നുദിവസം എല്ലായിടത്തും തെരഞ്ഞു. അവസാനം ദൈവാലയത്തിൽ വചനം പ്രസംഗിക്കുന്ന ഈശോയെ കണ്ടുമുട്ടിയപ്പോൾ അവർക്ക് ചോദിക്കാൻ ഒറ്റ ചോദ്യം മാത്രം 'നീ എന്താ ഇങ്ങനെ ചെയ്തത്.' നിന്നെ ഞങ്ങൾ ഉത്കണ്ഠയോടെ അന്വേഷിക്കുകയായിരുന്നു. (ലൂക്ക 2:48). ഈശോയുടെ മറു ചോദ്യം "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്" (ലൂക്ക 2:49). ചുരുക്കത്തിൽ നിങ്ങൾ എവിടെയാണ് എന്നെ അന്വേഷിച്ചത്. നിങ്ങളാണ് എന്നെ ദൈവാലയത്തിലേക്ക് കൊണ്ടുവന്നത്. ആ ഞാൻ ദൈവാലയ ത്തിലല്ലാതെ വേറെ എവിടെ പോകാനാണ്. നമുക്ക് ചിന്തിക്കാനു ള്ളത് ഇന്ന് ദൈവാലയത്തിലേക്ക് മക്കളെ കൊണ്ടുപോകാറുണ്ടോ. ദൈവാലയ ത്തിൽ കൊണ്ടുപോകുന്ന മക്കൾ ദൈവാലയത്തിൽ തന്നെയാണോ ഉള്ളത്? ഒപ്പം ദൈവത്വം നഷ്ടപ്പെടുമ്പോൾ ദൈവാലയത്തിലേക്കു യാത്ര ചെയ്യാൻ നാം തയ്യാറാണോ?

യേശു കൂടെയില്ല എന്ന അറിവാണ് ഈശോയെ തേടി കണ്ടുപിടിക്കാൻ ജോസഫിനെയും മേരിയേയും സഹായിച്ചത്. കൂടെ ഉണ്ടാകും എന്നു കരുതി. പക്ഷെ കൂടെ ഉണ്ടായില്ല. കൂടെ ഉണ്ടാകാത്ത കർത്താവിനെ തേടി കണ്ടെത്തി കൂടെ നിർത്തുന്ന ജോസഫും മറിയവും. ഇതു തന്നെയാണ് നാമും ചെയ്യേണ്ടതും "കൂടെ ഉണ്ടാകാത്ത കർത്താവിനെ തേടി കണ്ടെത്തുക. കൂടെ നിറുത്തുക."

മറിയം വചനത്തിന്റെ മുമ്പിൽ തർക്കിക്കുന്നില്ല. മറിച്ച് മനസ്സിലാകാത്ത വചനം ഹൃദയത്തിൽ സംഗ്രഹിക്കുന്നു. ബുദ്ധികൊണ്ട് ഗ്രഹിക്കാൻ പറ്റാത്തവയെ ഹൃദയത്തിൽ സൂക്ഷിക്കാനും, സൂക്ഷിച്ച വചനത്തെ നിരന്തരം ധ്യാനവിഷയമാക്കാനും അമ്മയുടെ ജീവിതം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**പ്രിയമുള്ളവരെ,**

നമ്മുടെ ദേവാലയത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് ദേവാലയ നവീകരണവും പുതിയ വൈദിക മന്ദിരത്തിന്റെ പണികളും നടക്കുകയായിരുന്നല്ലോ. കഴിഞ്ഞ നാളുകളിലെല്ലാം ജൂബിലി വർഷ പ്രാർത്ഥന ചൊല്ലി നാം ആദ്ധ്യാത്മീകമായും ഒരുങ്ങുകയായിരുന്നു. പലവിധ കാരണങ്ങളാൽ നാം ഉദ്ദേശിച്ച സമയത്ത്, ക്രിസ്തുമസിനു മുമ്പ്, പണികൾ പൂർത്തിയാക്കാൻ സാധിച്ചില്ല. എങ്കിലും ദൈവാനുഗ്രഹത്താൽ, ജനുവരി രണ്ടാംവാരത്തോടു കൂടി ദേവാലയത്തിന്റെ പണികൾ എല്ലാം പൂർത്തിയാകും. നവീകരിച്ച മദ്ബഹയുടെയും ദേവാലയത്തിന്റെയും കൂദാശ കർമത്തിനുശേഷം നമ്മുടെ ഇടവക തിരുനാൾ നടത്തുന്നതാണ് ഉചിതമെന്ന പൊതുയോഗ തീരുമാനമനുസരിച്ച് ഇടവക മദ്ധ്യസ്ഥയായ പരി.കന്യകാ മറിയത്തിന്റെ അമലോത്ഭവ തിരുനാളും രക്തസാക്ഷിയായ വി. സെബാസ്റ്റ്യനോസിന്റെ തിരുനാളും സംയുക്തമായി 2026 ജനുവരി 31, ഫെബ്രുവരി 1 (ശനി, ഞായർ) തീയതികളിൽ നടത്തുന്നതാണ്. നിങ്ങളുടെ എല്ലാം അകമഴിഞ്ഞ സഹായവും സഹകരണവും കൊണ്ടാണ് ഈ പദ്ധതികൾ എല്ലാം പൂർത്തിയാക്കാൻ സാധിച്ചത് എന്ന കാര്യം അഭിമാനത്തോടെ ഓർക്കുകയും എല്ലാവർക്കും പ്രത്യേക നന്ദി നേരുകയും ചെയ്യുന്നു.

നവീകരിച്ച ദേവാലയം. 2026 ജനുവരി മാസം 17-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4.30 മണിക്ക് വിശുദ്ധ കുർബാന മദ്ധ്യേ, അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ സാന്നിദ്ധ്യത്തിൽ, കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ദൈവത്തിനു സമർപ്പിക്കുന്നു. നമ്മുടെയെല്ലാം ആശ്രയവും സങ്കേതവുമായ ഇടവക ദേവാലയത്തിന്റെ കൂദാശ കർമത്തിന് നിങ്ങളുടെയെല്ലാം പ്രാർത്ഥനയും, സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു. ഒപ്പം എല്ലാവർക്കും ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാ മറിയത്തിന്റെ തിരുനാൾ മംഗളങ്ങൾ നേരുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരി അച്ചൻ
ഫാ. ജോർജ്ജ് വടക്കേൽ

# മക്കളെക്കുറിച്ച് ആധി?

13 നും 27 നും ഇടയിൽ പ്രായമുള്ള 6 മക്കളുടെ ആത്മീയ വളർച്ചയെക്കുറിച്ച് അമിതമായി ഉത്കണ്ഠ പുലർത്തുന്ന എന്നെ കർത്താവ് പഠിപ്പിച്ച ചില ഉൾക്കാഴ്ചകൾ പങ്കുവയ്ക്കട്ടെ.

ദൈവത്തിന്റെ നന്മ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്ത വ്യക്തി എന്ന നിലയിൽ, എന്റെ കുട്ടികളും ദൈവത്തെ അനുഭവിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. എന്റെ ഉദ്ദേശ്യങ്ങൾ നല്ലതും നീതിയുക്തവുമായിരുന്നു. പക്ഷേ എന്റെ എല്ലാ ശ്രമങ്ങളും പരാജയപ്പെടുന്നതായി അനുഭവപ്പെട്ടു. ഉടനടി ഫലം കാണാൻ കഴിയാതെ വന്നപ്പോൾ, എനിക്ക് അവരോട് ദേഷ്യവും നിരാശയും തോന്നി. ക്രമേണ എനിക്ക് പ്രതീക്ഷ നഷ്ടപ്പെടുകയായിരുന്നു. ഞാൻ എപ്പോഴും വിമർശനങ്ങൾ ഉന്നയിക്കുന്ന വ്യക്തിയായി മാറാൻ തുടങ്ങി. എനിക്ക് അവരിലെ നന്മകൾ കാണാനോ അവരെ അഭിനന്ദിക്കാനോ കഴിഞ്ഞില്ല. അവർക്ക് ഒരു ദൈവാനുഭവം ലഭിക്കുന്നത് കാണുന്നതിൽ മാത്രമായിരുന്നു എന്റെ ശ്രദ്ധ.

ഞങ്ങൾക്ക് പരസ്പരം മനസ്സിലാക്കാൻ കഴിഞ്ഞില്ല. തൽഫലമായി, എനിക്കും കുട്ടികൾക്കും ഇടയിലുള്ള വിടവ് വർദ്ധിക്കാൻ തുടങ്ങി. ഞങ്ങളുടെയിടയിൽ ഗുരുതരമായ കുഴപ്പങ്ങളുണ്ടെന്ന് ഞാൻ മനസ്സിലാക്കി.

ഞാൻ ഇത് കർത്താവിന്റെ മുമ്പാകെ സമർപ്പിച്ച് എന്നെത്തന്നെ പൂർണ്ണമായി അവിടുത്തേക്ക് നൽകി. അപ്പോൾ... ഒരു പിതാവ് തന്റെ കുട്ടിയെ പഠിപ്പിക്കുന്നതുപോലെ, അവിടുന്ന് എന്നെ പഠിപ്പിക്കാൻ തുടങ്ങി.

മോശയെ നോക്കൂ...

മോശയിൽനിന്ന് പഠിക്കാൻ അവിടുന്ന് എന്നോട് പറഞ്ഞു. മോശയുടെ ജീവിതം മുഴുവൻ എന്റെ മനസ്സിലൂടെ കടന്നുപോയി. അവൻ

എങ്ങനെ തിരഞ്ഞെടുക്കപ്പെട്ടു, ഫറവോയിൽനിന്ന് ഇസ്രായേൽക്കാരെ രക്ഷിക്കാൻ കർത്താവ് എങ്ങനെ അവനെ നയിച്ചു, എത്ര ക്ഷമയോടെയും വിശ്വസ്തതയോടെയും അവൻ ഇസ്രായേൽക്കാരെ ഈജിപ്തിൽനിന്ന് കാനായിലേക്ക് നയിച്ചു തുടങ്ങിയവയെല്ലാം അവിടുന്ന് വീണ്ടും എന്നെ ഓർമിപ്പിച്ചു.

മോശയുടെ ദൗത്യം ഒട്ടും എളുപ്പമുള്ളതായിരുന്നില്ല. ഫറവോ കരുണയുള്ളവനോ സഹായിക്കുന്നവനോ ആയിരുന്നില്ല. ഇസ്രായേൽക്കാർ സഹകരണമുള്ളവരായിരുന്നില്ല. അവർ ഇടയ്ക്കിടെ പിറുപിറുക്കുകയും പരാതിപ്പെടുകയും ചെയ്യുമായിരുന്നു, അവർ ഒരിക്കലും തൃപ്തരായില്ല. വാഗ്ദത്തഭൂമിയിലെത്താൻ അവർ 40 വർഷമെടുത്തു.

മോശയ്ക്ക് തന്റെ വിളി എങ്ങനെ നിറവേറ്റാൻ കഴിഞ്ഞുവെന്ന് ചിന്തിക്കാൻ കർത്താവ് എന്നോട് പറഞ്ഞു. ഓരോ തവണയും ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ, അവൻ ദൈവത്തിങ്കലേക്ക് പോയി അവിടുത്തെ ഉപദേശം തേടുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യും. അവൻ ഇസ്രായേൽക്കാർക്ക് ഒരു മധ്യസ്ഥനും ഇടനിലക്കാരനുമായിരുന്നു. ഇസ്രായേൽക്കാർ യുദ്ധം ചെയ്തപ്പോൾ, അവൻ കൈകൾ നീട്ടി അവർക്കുവേണ്ടി പ്രാർഥിക്കുകയും യുദ്ധത്തിൽ വിജയിക്കാൻ അവരെ സഹായിക്കുകയും ചെയ്തു. മോശയുടെ കൈകൾ താഴുമ്പോഴെല്ലാം അവർ പരാജയപ്പെട്ടുകൊണ്ടിരുന്നു

കർത്താവ് എന്നെ പഠിപ്പിക്കാൻ ശ്രമിക്കുന്നത് എന്താണെന്ന് എനിക്ക് മനസ്സിലായി. ഒരു രക്ഷിതാവ് എന്ന നിലയിൽ ഞാനും അതുതന്നെ ചെയ്യണം. എന്റെ കുട്ടികളെ അവരുടെ ശത്രുവിന്റെ (സാത്താന്റെ) കൈകളിൽനിന്ന് രക്ഷിക്കാനും ഈജിപ്തിൽ (അന്യദേശത്ത്) നിന്ന് വാഗ്ദത്ത ദേശത്തേക്ക് (നിത്യജീവൻ) നയിക്കാനും അവിടുന്ന് എന്നെയും തിരഞ്ഞെടുത്തു. എന്റെ വിളി ചെറുതല്ല, അതൊരു വലിയ ആഹ്വാനമാണെന്ന് ഞാൻ മനസ്സിലാക്കി. നമ്മുടെ കുട്ടികൾ നിരന്തരമായ പോരാട്ടത്തിലാണ്, അവർക്ക് നമ്മുടെ സഹായം ആവശ്യമാണ്.

വീണ്ടും, കർത്താവ് എന്നെ പഠിപ്പിച്ചുകൊണ്ടിരുന്നു. അവിടുന്ന് എന്നോട് ചോദിച്ചു ഇസ്രായേൽക്കാരെ കാനാനിലേക്ക് കൊണ്ടുവന്നത് ആരാണ്? ഫറവോയുടെ കയ്യിൽനിന്ന് അവരെ രക്ഷിച്ചത് ആരാണ്? പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നിസ്തംഭത്തിലും അവർക്ക് മുൻപിൽ പോയത് ആരാണ്?

അവരെ വാഗ്ദത്തദേശത്തേക്ക് കൊണ്ടുവന്നത് ഞാനാണ്, മോശ എന്റെ കൈകളിലെ ഒരു ഉപകരണം മാത്രമായിരുന്നു, നിങ്ങളും അങ്ങനെതന്നെ.

അവിടുന്ന് വീണ്ടും എന്നെ അടുത്ത വചനം ഓർമിപ്പിച്ചു. 'ഞാൻ നട്ടു; അപ്പോളോസ് നനച്ചു; എന്നാൽ, ദൈവമാണു വളർത്തിയത്. അതുകൊണ്ട്, നടുന്നവനോ നനയ്ക്കുന്നവനോ അല്ല വളർത്തുന്നവനായ ദൈവത്തിനാണ് പ്രാധാന്യം' (1 കോറിന്തോസ് 3/6-7).

എവിടെയാണ് തെറ്റ് സംഭവിക്കുന്നതെന്ന് എനിക്ക് മനസ്സിലായി, ദൈവം എന്നോട് ചെയ്യാൻ കല്പിച്ചത് മാത്രമേ ഞാൻ ചെയ്യേണ്ടതുള്ളൂ. എന്റെ കുട്ടികളുടെ വളർച്ച വൈകുകയോ പ്രകടമാകാതിരിക്കുകയോ ചെയ്യുമ്പോൾ ഞാൻ എന്തിനാണ് ദേഷ്യപ്പെടുകയോ അസ്വസ്ഥയാകുകയോ നിരാശപ്പെടുകയോ ചെയ്യുന്നത്? എന്റെ കുട്ടികൾ അവരുടെ തെറ്റുകളിൽ നിന്ന് പഠിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവരെ തടയാൻ നിങ്ങൾ ആരാണ്? കർത്താവ് എന്നോട് ചോദിച്ച ആ ചോദ്യം ഞാൻ ഇപ്പോഴും ഓർക്കുന്നു.

കർത്താവ് അരുളിച്ചെയ്യുന്നു: എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല. ആകാശം ഭൂമിയെക്കാൾ ഉയർന്നുനിൽക്കുന്നു. അതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനെക്കാൾ ഉന്നതമത്രേ (ഏശയ്യാ 55/8-9).

**തീർന്നില്ല, പാഠങ്ങൾ**

കർത്താവിന്റെ നിർദ്ദേശങ്ങൾ അവിടെ നിന്നില്ല; മോശയുടെ ജീവിതത്തിലെ ഒരു സംഭവത്തിലേക്ക് അവിടുന്ന് എന്നെ വീണ്ടും കൊണ്ടുപോയി. ഇത് എന്നെ ഭയത്താൽ വിറപ്പിച്ചു.

മോശ തന്റെ ദൗത്യത്തിലുടനീളം വിശ്വസ്തനായിരുന്നു, എന്നാൽ ഒരിക്കൽ, കാദേഷിൽ വച്ച് വെള്ളം ലഭിക്കാതെ വന്നപ്പോൾ അവർ ദൈവത്തോട് പറയുകയും അവിടുന്ന് പാറയോട് ആജ്ഞാപിക്കാൻ മോശയോട് കല്പിക്കുകയും ചെയ്തു. മോശ പാറയോട് ആജ്ഞാപിക്കുന്നതിനു പകരം രണ്ടുതവണ പാറയിൽ അടിച്ചു. വാഗ്ദത്തഭൂമി കാണാൻ അവിടുന്നവനെ അനുവദിച്ചില്ല (സംഖ്യ 20:1-13).

എത്ര തവണ ഞാൻ എന്റെ കുട്ടികളോട് ദേഷ്യപ്പെട്ടു?!

എത്ര തവണ അവരോടുള്ള എന്റെ നിരാശ പ്രകടിപ്പിച്ചു?

എത്ര തവണ ഞാൻ അവരെ വിധിച്ചിട്ടുണ്ട്?

ഞാൻ എന്റെ കുട്ടികളെ സ്നേഹിച്ചതുപോലെ, നിങ്ങളുടെ കുട്ടികളെ നിരുപാധികമായി സ്നേഹിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ?

പൗലോസ് ശ്ലീഹായുടെ വാക്കുകൾ മനസ്സിലേക്ക് വരുന്നു. സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്... സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു. (1 കോറിന്തോസ് 13/4-8).

എന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർ ഒഴുകി, കർത്താവ് എന്നെ പഠിപ്പിക്കാൻ ശ്രമിക്കുന്നത് എന്താണെന്ന് എനിക്ക് വ്യക്തമായി മനസ്സിലായി, അവിടുന്ന് പ്രഥമമായി എന്നോട് പറഞ്ഞത് ഇതായിരുന്നു, പരിഭ്രമിക്കാതിരിക്കുക; അത് തിൻമയിലേക്കു മാത്രമേ നയിക്കൂ (സങ്കീർത്തനങ്ങൾ 37:8). കുട്ടികളുടെ വിശ്വാസത്തെക്കുറിച്ചുള്ള ആകുലത കൂടുതൽ തിന്മയിലേക്കാണ് എന്നെ നയിക്കുക. ഞാൻ വിജയിക്കണമെന്നല്ല, മറിച്ച് വിശ്വസ്തയായിരിക്കണമെന്നേ അവിടുന്ന് ആഗ്രഹിക്കുന്നുള്ളൂ. എന്റെ വിശുദ്ധീകരണത്തിനായി ഞാൻ വിശ്വസ്തയായിരിക്കണം.

നാം നമ്മെത്തന്നെ വിശുദ്ധീകരിക്കുമ്പോൾ, നമ്മുടെ കുട്ടികളും വിശുദ്ധീകരി ക്കപ്പെടും. യേശുവും ഇതുതന്നെയാണ് ചെയ്തത്. "ഞാൻ അവർക്കുവേണ്ടിയാണു പ്രാർഥിക്കുന്നത്; ലോകത്തിനുവേണ്ടിയല്ല, അങ്ങ് എനിക്കു തന്നവർക്കു വേണ്ടിയാണ് പ്രാർഥിക്കുന്നത്.

എന്തെന്നാൽ, അവർ അവിടുത്തേക്കുള്ളവരാണ് എനിക്കുള്ളതെല്ലാം അങ്ങയുടേതാണ് " (യോഹന്നാൻ 17:9).

ഹൃദയത്തിലുയർന്നുകൊണ്ടിരുന്ന ദൈവസ്വരം ശ്രദ്ധിച്ചു കൊണ്ടിരുന്നപ്പോൾ എനിക്ക് ഇപ്രകാരമാണ് മനസിലായത്, വിശുദ്ധ മോണിക്ക രൂപപ്പെടുകയാണ്...വിശുദ്ധ അഗസ്റ്റിൻ അമ്മയായ മോണിക്കയെക്കുറിച്ച് പറഞ്ഞത് ഓർക്കാം, സ്വർഗം അവളുടെ പ്രാർഥന ആദ്യ ദിവസംതന്നെ കേട്ടു, പക്ഷേ അതിന് ഉത്തരം നൽകാൻ വൈകിയതിനാൽ കത്തോലിക്കാ സഭയ്ക്ക് ഒന്നിന് പകരം രണ്ട് വിശുദ്ധരെ ലഭിച്ചു.

"ദാനിയേലേ, ഭയപ്പെടേണ്ടാ; ശരിയായി അറിയുന്നതിന് നീ നിന്റെ ദൈവത്തിന്റെ മുൻപിൽ നിന്നെത്തന്നെ തുടങ്ങിയ ദിവസം മുതൽ നിന്റെ പ്രാർഥന കേൾക്കപ്പെ ട്ടിരിക്കുന്നു. നിൻെറ പ്രാർഥന നിമിത്തമാണ് ഞാൻ ഇപ്പോൾ വന്നിരിക്കുന്നത്" (ദാനിയേൽ 10:12). കുട്ടികളിൽ വിശ്വാസം വളർത്തിയെടുക്കാനുള്ള എന്റെ പ്രാർഥനകളും ശ്രമങ്ങളും വെറുതെയായിട്ടില്ലെന്ന് ഞാൻ വിശ്വസിച്ചു. ശരിയായ സമയത്ത് കർത്താവ് അത് ലക്ഷ്യത്തിലെത്തിക്കും, അതോടൊപ്പം ഞാനും വിശുദ്ധീകരിക്കപ്പെടുന്നു.

അപ്പോൾ എനിക്ക് വലിയ ആശ്വാസം തോന്നി, ഹൃദയത്തിലെ ശബ്ദം എന്നെ പഠിപ്പിച്ചുകൊണ്ടിരുന്നു. അവർ എന്റേതാണ്. കുശവനും കളിമണ്ണും പോലെ ഞാൻ അവരിൽ പ്രവർത്തിക്കുന്നു. അവർ എന്റെ കൈപ്പണികളാണ്. അവ ഇപ്പോഴും നിർമ്മിക്കുകയാണ്, അതുവരെ അവയെ വിധിക്കരുത്, ക്ഷമയോടെ കാത്തിരുന്ന് കാണുക. കർത്താവ് നിന്റെ പുത്രരെ പഠിപ്പിക്കും; അവർ ശ്രേയസസാർജിക്കും (ഏശയ്യാ 54:13).

എന്റെ മക്കൾ എന്നെ ഒരു വിശുദ്ധയാക്കുന്നു എന്നത് സത്യമാണ്. അവർ എന്നെ ക്ഷമ, സ്ഥിരോത്സാഹം, വിനയം തുടങ്ങിയവ പഠിപ്പിക്കുന്നു. ഞാൻ നിരാശയാകുകയും എന്റെ പ്രതീക്ഷ നഷ്ടപ്പെടുകയും ചെയ്യുമ്പോഴെല്ലാം, ദൈവത്തിന്റെ കൃപ എന്നെ ഉയർത്തുകയും മുന്നോട്ട് പോകാൻ സഹായിക്കുകയും ചെയ്യുന്നു.

ഈ മഹത്തായ ദൗത്യത്തിനായി എന്നെ വിളിച്ചതിനും തിരഞ്ഞെടുത്തതിനും നയിക്കുന്നതിനും നന്ദി. എനിക്ക് ഉപദേശം നൽകുന്ന കർത്താവിനെ ഞാൻ വാഴ്ത്തുന്നു; രാത്രിയിലും എന്റെ അന്തരംഗത്തിൽ പ്രബോധനം നിറയുന്നു. കർത്താവ് എപ്പോഴും എന്റെ കൺമുൻപിലുണ്ട്; അവിടുന്ന് എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ടു ഞാൻ കുലുങ്ങുകയില്ല. അതിനാൽ, എന്റെ ഹൃദയം സന്തോഷിക്കുകയും അന്തരംഗം ആനന്ദംകൊള്ളുകയും ചെയ്യുന്നു എന്റെ ശരീരം സുരക്ഷിതമായി വിശ്രമിക്കുന്നു (സങ്കീർത്തനങ്ങൾ 16/7-9).

**ധ്യാനഗുരു പറഞ്ഞ കഥ**

ഉപ്പ് എന്നതിന്റെ രാസനാമമാണ് സോഡിയം ക്ലോറൈഡ്. സോഡിയവും ക്ലോറിനും ചേർന്നതാണ് ഉപ്പ് എന്നാണ് അതിനർത്ഥം. വാസ്തവത്തിൽ, ഖരാവസ്ഥയിലുള്ള ലോഹമായ സോഡിയം ഒരു വിഷപദാർത്ഥംകൂടിയാണ് ക്ലോറിനാകട്ടെ ഒരു വിഷവാതകവും എന്നാൽ ഇവ രണ്ടും ഒന്നിച്ചുചേരുമ്പോൾ ഭക്ഷണത്തിന് രുചി ചേർക്കുന്ന ഉപ്പ് രൂപപ്പെടുന്നു

പരസ്പരം ഒന്നിച്ചുചേർന്നപ്പോൾ വിഷഗുണമില്ലാത്ത വസ്തുവാണ് രൂപം കൊണ്ടത് മാത്രവുമല്ല ഉപ്പ് ഭക്ഷണത്തിൽ അലിഞ്ഞുചേർന്ന് രുചി പകരുന്ന പദാർത്ഥവുമാണ് സാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനും ഉപകരിക്കുന്നു

നാം ജീവിക്കുന്ന സാഹചര്യങ്ങളിൽ ഇതുപോലെ അഹം എന്ന ഭാവം നഷ്ട പ്പെടുത്താനും പൊരുത്തപ്പെടാനും തയാറായാൽ നാമും രുചി പകരുന്നവരും മറ്റുള്ളവരെ കേടുകൂടാതെ സൂക്ഷിക്കുന്നവരുമെല്ലാമായി മാറും.

കടപ്പാട്
(ശാലോം ടൈംസ്, നവംബർ 2025)

*വിശുദ്ധരുടെ പാതയിലൂടെ*

# വിശുദ്ധ ഗ്രിഗറി നസിയാൻസെൻ
# മെത്രാൻ, സഭാപിതാവ്, വേദപാരംഗതൻ

ഗ്രിഗറി നസിയാൻസെൻ ജനിച്ചത് ഏ.ഡി. 329-നോടടുത്ത് കപ്പദോച്ചിയായിലെ നസിയാൻസിൽ ആണ്. ആധുനിക ടർക്കിയിലാണ് ഈ സ്ഥലം. വിശുദ്ധ ബേസിലിനെപ്പോലെ അദ്ദേഹത്തിന്റെ കുടുംബവും വിശുദ്ധരുടെ ഒരു കുടുംബമാണ്. നസിയാനൂസിലെ മെത്രാനായിരുന്ന വിശുദ്ധ ഗ്രിഗറി ശ്രേഷ്ഠനായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. മാതാവ് വിശുദ്ധ നൊണ്ണായും (St. Gregory the elder and St. Nonne). വിശുദ്ധ ചെസാരിയൂസ് അദ്ദേഹത്തിന്റെ സഹോദരനും വിശുദ്ധ ഗൊർഗോണിയ സഹോദരിയും. ഗ്രിഗറിയുടെ പ്രാഥമിക വിദ്യാഭ്യാസം കപ്പദോച്ചിയായിലെ കേസറിയായിൽ ആയിരുന്നു. അവിടെത്തുടങ്ങി ഗ്രിഗറി വിശുദ്ധ ബേസിലിന്റെ അടുത്ത കൂട്ടുകാരനായിരുന്നു. അതിനുശേഷം നിയമപഠനത്തിനായി പാലസ്തീനായിലേക്കും, പിന്നീട് ഈജിപ്തിലെ അലക്സാൻഡ്രിയായിലേക്കും അവസാനം ഏഥൻസിലേക്കും പോയി. അവിടെ വിശുദ്ധ ബേസിലിന്റെയും മതത്യാഗിയായ ജൂലിയൻ ചക്രവർത്തിയുടെയും സഹപാഠിയായിരുന്നു. പത്തുകൊല്ലത്തോളം അവിടെ പഠിച്ചതിനുശേഷം മുപ്പതാമത്തെ വയസ്സിൽ നസിയാൻസൂസിലേക്ക് മടങ്ങി.

ഈ സമയത്ത് പോന്തസ്സിലെ ഐറിസ് നദീതടത്തിൽ താപസനായി ഏകാന്തജീവിതം നയിച്ചിരുന്ന ബേസിലിനെ കണ്ടുമുട്ടി. ബേസിൽ തന്റെ ആത്മസുഹൃത്തിനെ തന്നോടൊപ്പം താപസജീവിതം നയിക്കാൻ ക്ഷണിച്ചു. അങ്ങനെ അവിടെ രണ്ടുകൊല്ലം സന്യാസ ജീവിതം നയിച്ചു.

സമർത്ഥനായ മകനെ പട്ടംകൊടുത്ത് വൈദിക പദവിയിലേക്ക് ഉയർത്തിയത് അദ്ദേഹത്തിന്റെ പിതാവായ ശ്രേഷ്ഠ ഗ്രിഗറി തന്നെ. വൈദിക പദവിയെക്കുറിച്ച് അദ്ദേഹം എഴുതിയ ലേഖനങ്ങൾ വിശുദ്ധ ജോൺ ക്രിസോസ്റ്റം മുതലായ പല വിശുദ്ധർക്കും പ്രചോദനം കൊടുത്തു. തന്റെ ഉറ്റ സുഹൃത്തും കേസറിയായിലെ മെത്രാപ്പോലിത്തയുമായിരുന്ന വിശുദ്ധ ബേസിൽ അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്തുവെങ്കിലും തന്റെ രൂപതവിട്ട് അദ്ദേഹം നസിയാൻ സൂസിലേക്ക് മടങ്ങിവന്ന് വൃദ്ധനായ പിതാവിനെ സഹായിച്ചുകൊണ്ട് കഴിഞ്ഞുകൂടി.


അക്കാലത്ത് കോൺസ്റ്റാന്റിനോപ്പിൾ നഗരം ആര്യൻ പാഷണ്ഡതയുടെ പിടിയിലായിരുന്നു. സത്യവിശ്വാസികളുടെ ഒരു ചെറിയ സമൂഹം മാത്രം വിശ്വസ്തരായി അവശേഷിച്ചു. വാലെൻസ് ചക്രവർത്തി ആര്യനിസത്തെ പിന്തുണച്ചിരുന്നു. ഏ.ഡി. 379-ന് അവരെ പ്രതിരോധിക്കാൻ കത്തോലിക്കാ വിശ്വാസികൾ, പ്രഗല്ഭ പണ്ഡിതനായ ഗ്രിഗറിയെ കോൺസ്റ്റാന്റി നോപ്പിളി

ലേക്കു ക്ഷണിച്ചു. ഏ.ഡി. 390-ൽ തിയഡോഷ്യസ് ചക്രവർത്തി കോൺസ്റ്റാന്റിനോപ്പിളിലെ ആര്യൻ പാത്രീയർക്കീസിനെ സ്ഥാന ഭ്രഷ്ടനാക്കി നാടു കടത്തിയതിനുശേഷം പകരം ഗ്രിഗറിയെ പാത്രിയർക്കീസായി അവരോധിച്ചു. അദ്ദേഹത്തിന്റെ നലം തികഞ്ഞ പാണ്ഡിത്യവും വിശുദ്ധിയും സൗമ്യതയും വാഗ്ചാതുര്യവും ആര്യൻ പാഷണ്ഡതയുടെ മുന്നേറ്റത്തെയും സ്വാധീനശക്തിയെയും ഒരു പരിധിവരെ തടഞ്ഞുനിർത്താൻ കഴിഞ്ഞു. അതിൽ അസൂയാലുക്കളായ ശത്രുക്കൾ അദ്ദേഹത്തെ വധിക്കാൻ ഒരു വാടക ക്കൊലയാളിയെ നിയോഗിച്ചു. എന്നാൽ ആ യുവാവ് ഗ്രിഗറി മെത്രാപ്പോലിത്തയെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ കാൽക്കൽ വീണ് പശ്ചാത്തപിച്ചു ക്ഷമ ചോദിച്ചു. ഗ്രിഗറി അയാളോട് ക്ഷമിച്ച് സ്നേഹിതനാക്കി.

ആര്യൻ പാഷണ്ഡരുടെ ഉപദ്രവങ്ങൾ വർദ്ധിച്ചുവന്നപ്പോൾ അദ്ദേഹം നസിയാൻസൂസിലേക്ക് മടങ്ങിപ്പോയി. അവിടെ ഏതാനും വർഷം ഭരണം നടത്തിയതിനുശേഷം അദ്ദേഹം സ്വന്തം സ്ഥലമായ അരിയാൽസിൽ എത്തി, സാഹിത്യരചനയിലും പ്രാർത്ഥനയിലും ധ്യാനത്തിലും കഴിഞ്ഞുകൂടി. കൃത്യമായ പദങ്ങൾ പ്രയോഗിച്ച് കണിശമായി എല്ലാം പ്രതിപാദിക്കുന്ന ഗ്രിഗറി ദൈവശാസ്ത്രജ്ഞൻ എന്ന് അറിയപ്പെടുന്നു. നിഖ്യാ സൂനഹ ദോസിന്റെ വെളിച്ചത്തിൽ പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ, അദ്ദേഹത്തിന് നേടിക്കൊടുത്തത് 'ദൈവികൻ' 'Divine' എന്ന പദവിയാണ് അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പ്രമുഖനാണ് വിശുദ്ധ ജെറോം. 389-ൽ വിശുദ്ധ ഗ്രിഗറി നസിയാൻസൻ മരണമടഞ്ഞു. വിശുദ്ധ ബേസിലും ഗ്രിഗറി നസിയാൻസനും ഉറ്റ സ്നേഹിതരും സതീർത്ഥ്യരുമായിരുന്നതുകൊണ്ട് രണ്ടുപേരുടെയും ഓർമ്മ ഒരേ ദിവസമാണ് സഭ ആചരിക്കുന്നത്.

വിചിന്തനം: "ശത്രുക്കളെ ശാന്തതകൊണ്ട് നാം പരാജയപ്പെടുത്തണം. ക്ഷമാശീലം കൊണ്ട് അവരെ നേടിയെടുക്കണം. നമ്മുടെ കോപമല്ല, അവരുടെ മനഃസാക്ഷിതന്നെ അവരെ ശിക്ഷിക്കട്ടെ' (വി. ഗ്രിഗറി നസിയാൻസെൻ)

## സ്നേഹ സ്മരണയ്ക്ക് 15.01.2026





**13-ാം ചരമവാർഷികം**

**വാവച്ചൻ**

**തോട്ടത്തിൽ**

# ബൈബിൾ ക്വിസ്സ്




4

**ലോഗോസ് ക്വിസ് 26 സെപ്റ്റംബർ 27, 2026 (രജിസ്ട്രേഷൻ) – ജൂൺ 1, 2026 – ജൂലൈ 31, 2026**

26-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2026 സെപ്റ്റംബർ 27 ന് നടക്കുന്നു. പാഠഭാഗം -റൂത്ത് 1-4, സഭാ പ്രസംഗകൻ 1-6, വി.യോഹ 1-12, ഗലാത്തിയ 1-6, 1 സാമുവേൽ 1-7. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബൈബിൾ ക്വിസ് 4 ചോദ്യങ്ങൾ

### വി. യോഹന്നാൻ 10-12 അദ്ധ്യായങ്ങൾ

1. ആടുകളുടെ ഇടയന് വാതിൽ തുറന്നു കൊടുക്കുന്നതാര്?
2. നല്ല ഇടയനെ ആടുകൾ അനുഗമിക്കാൻ കാരണം എന്ത്?
3. അവ എന്റെ സ്വരം ശ്രവിക്കും അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും. അദ്ധ്യായം? വാക്യം ?
4. ഞാനും പിതാവും ഒന്നാണ് എന്ന് യേശു പറഞ്ഞപ്പോൾ യഹൂദർ പ്രതികരിച്ചത് എങ്ങനെ ?
5. ശീതകാലത്ത് ജറുസലെമിൽ നടത്തുന്ന തിരുനാൾ ഏത് ?
6. ഏതെങ്കിലും നല്ല പ്രവൃത്തികൾ മൂലമല്ല, .............മൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്.
7. നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും ആ ......... വിശ്വസിക്കുവിൻ
8. ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല, പ്രത്യുത ദൈവത്തിന്റെ മഹത്വത്തിനും, അതുവഴി ............മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ്.
9. അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം. ആരാണ് ഇത് പറഞ്ഞത്?
10. ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും, അദ്ധ്യായം? വാക്യം ?
11. യേശു പോയി മരുഭൂമിക്കടുത്തുള്ള .............. പട്ടണത്തിൽ ശിഷ്യൻമാരോടൊത്ത് വസിച്ചു.
12. പെസഹായ്ക്ക് ആറുദിവസം മുൻപ് യേശു എത്തിയത് എവിടെ ?
13. ............ ഭയപ്പെടേണ്ട, ഇതാ നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നള്ളുന്നു. എന്ന് എഴുതപ്പെട്ടിരിക്കുന്നു.

14. യേശു അവരോടു പറഞ്ഞു. അല്പ സമയത്തേക്കു കൂടി......നിങ്ങളുടെയിടയിലുണ്ട്.
15. ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും. സ്വർഗ്ഗത്തിൽ നിന്നുള്ള ഈ സ്വരം കേട്ടിട്ട് ജനക്കൂട്ടം പറഞ്ഞതെന്ത്?
16. ക്രിസ്തു നഷ്ടപ്പെട്ടത് വഴിയിലല്ല മറിച്ച് .............. ലാണ്
17. ദൈവത്തെ തിരിച്ചറിയാനുള്ള അടിസ്ഥാന യോഗ്യത ......... ആണ്.
18. നാം ജീവിക്കുന്ന സാഹചര്യങ്ങളിൽ ഇതുപോലെ ............ എന്ന ഭാവം നഷ്ടപ്പെടുത്താൻ തയ്യാറായാൽ നാം മറ്റുള്ളവർക്ക് രുചി പകരുന്നവരും മറ്റുള്ളവരെ കേടുകൂടാതെ സൂക്ഷിക്കുന്നവരുമായി മാറും.
19. ഗ്രിഗറിയുടെ പ്രാഥമിക വിദ്യാഭ്യാസം കപ്പദോച്ചിയായിലെ ............. ൽ ആയിരുന്നു.
20. പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ഗ്രിഗറിയുടെ പ്രഭാഷണങ്ങൾ അദ്ദേഹത്തിന് ....... എന്ന പദവിയാണ്.

## ബൈബിൾ ക്വിസ് – 3 ശരിയുത്തരങ്ങൾ

1. സിനഗോഗിൽ നിന്ന്
2. അന്ധനായിരുന്ന മനുഷ്യൻ യഹൂദരോട്
3. 9 - 31
4. ഫരിസേയരോട്
5. മനുഷ്യപുത്രനിൽ
6. ഒലിവുമലയിലേക്ക്
7. നിയമജ്ഞരും ഫരിസേയരും
8. ഭണ്ഡാര സ്ഥലത്ത്
9. അടിമ
10. യേശുവിന്റെ ദിവസം കാണാം
11. 8 - 58
12. യഹൂദർ അവനെ വധിക്കാൻ അവസരം പാർത്തിരുന്നതിനാൽ
13. ജറുസലെം നിവാസികൾ
14. അധികാരികൾ
15. നിക്കൊദേമോസ്
16. ദൈവം ഓർക്കുന്ന
17. ഭയപ്പെടേണ്ട
18. സാൽസ്ബുർഗിൽ
19. പീറ്റർ കനീസിയൂസ്
20. ഗ്രിഗറി പതിമൂന്നാമൻ പാപ്പ

## ബൈബിൾ ക്വിസ് – 3

### ആകെ പങ്കെടുത്തവർ 8 ശരിയുത്തരമെഴുതിയവർ 8

1. മേരി ജോർജ്ജ് മണ്ണൂർ
2. മറിയക്കുട്ടി ഉലഹന്നാൻ ചെറുപറമ്പിൽ
3. മോളി ജോൺ പാലാക്കാരൻ
4. ലിസമ്മ ഐപ്പ് കല്ലിങ്കൽ
5. ജിജി രാജേഷ് പൊന്നുംപുരയിടം
6. തങ്കച്ചൻ ചേരിയിൽ
7. വൽസമ്മ സിറിയക് സ്രായിൽ
8. എൽസി ടോമി മാറാമറ്റത്തിൽ

## ബൈബിൾ ക്വിസ് 3 സമ്മാനാർഹർ

1. മോളി ജോൺ പാലാക്കാരൻ
2. ജിജി രാജേഷ് പൊന്നുംപുരയിടം

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1

### നിർമ്മല മാതാ

- സിസി കാക്കനാട്ട്
- ജോജി കുരിശുംമൂട്ടിൽ
- സോയ പുത്തൻകുടിയിൽ
- മെറിൻ പുത്തൻകുടിയിൽ

### വാർഡ് 2

### സെന്റ് ജോസഫ്

- കലമോൾ നടുത്തോട്ടത്തിൽ
- ജെസ്സാ ബിനോയി മാടശ്ശേരിൽ
- അർച്ചന നടുത്തോട്ടത്തിൽ
- ജേക്കബ് തരണിയിൽ
- സാന്ദ്ര കണിയാംപുറം

### വാർഡ് 3

### സെന്റ് മേരീസ്

- ലില്ലി മണ്ണത്തൂക്കാരൻ
- സൂസി വർങ്ങലക്കുടിയിൽ
- ത്രേസ്യാമ്മ വർങ്ങലക്കുടിയിൽ
- ജോൺ മഞ്ചേരിൽ
- അജോഷ് മഞ്ചേരിൽ
- ലിസി വെണ്ടർമ്യാലിൽ
- ലിയ വറങ്ങലക്കുടിയിൽ
- റയൺ തലയ്ക്കൽ
- ജോണച്ചൻ വെണ്ടർമ്യാലിൽ
- ജോൺസൺ വെണ്ടർമ്യാലിൽ
- വർഗീസ് വാഴയിൽ

### വാർഡ് 4

### ഹോളി ഫാമിലി

- സമന്റാ തോമ്പ്രക്കുടിയിൽ
- അനിൽ, കണ്ണിക്കാട്ട്
- ഹന്ന അനിൽ കണ്ണിക്കാട്ട്
- ഹൈവിൻ ചേർക്കോട്ട്
- ജിബു നടാംകുഴി
- എമി ട്രീസ കോണിക്കൽ

### വാർഡ് 5

### സെന്റ് ജോർജ്ജ്

- ജോസ് കിഴക്കേൽ
- ജോണി കക്കാട്ടിൽ
- ഗ്രേസി മെതിപ്പാറയിൽ
- അരുൺ മെതിപ്പാറയിൽ
- ജിഷ തിരുതാളിൽ
- ബിന്ദു നെല്ലിപ്പിള്ളിൽ
- ജോസഫ് ചുണ്ടങ്ങയിൽ
- കൊച്ചുത്രേസ്യ പടിഞ്ഞാറേക്കുടി
- റെയ്മ മേരി എബി നെടുഞ്ചാലിൽ
- അലീന കാളാംപറമ്പിൽ
- ജോൺ തെക്കുംപുറത്ത്
- റോബി തെക്കുംപുറത്ത്
- നേഹ തെക്കുംപുറത്ത്
- വിൻസെന്റ് തെക്കുംപുറത്ത്
- സജി മെതിപ്പാറ
- അൽഫോൻസാ കൊച്ചിലാത്ത്
- അഞ്ജലീന ജോബി വെട്ടുകാട്ടിൽ

## വാർഡ് 6
## സെന്റ് ഫ്രാൻസീസ്

- എൽസ കാരിക്കാപ്പറമ്പിൽ
- ആൻഡ്രിൻ കാരിക്കാപ്പറമ്പിൽ
- ലിന്റോ കുളത്തൂർ
- ദേവസ്യ കപ്യാരട്ടയിൽ
- സേവ്യർ കാട്ടുകുടിയിൽ
- സ്വപ്നാ കാട്ടുകുടിയിൽ
- ജോസഫ് പ്ലാക്കിൽ
- ജോർജ് പരുവംമൂട്ടിൽ
- ആമി പുത്തൻപുരയ്ക്കൽ
- മത്തായി പുത്തൻകുടിയിൽ
- റ്റീന തണ്ടുപുറത്ത്
- ശ്രുതി ചുണ്ടങ്ങയിൽ
- എലിസബത്ത് പൂനാട്ട്
- മരിയ പൂനാട്ട്
- കെവിൻ ചുണ്ടങ്ങയിൽ

## വാർഡ് 7
## സെന്റ് പീറ്റർ

- റാണി മാർഗരറ്റ് നടുവിലെക്കുറ്റ്
- ഡോണ പ്ലാക്കിൽ
- ആൻസി പുത്തനങ്ങാടി
- മേരി അമ്മച്ചിപ്പറമ്പിൽ
- സിജോ മൂഞ്ഞേലി
- ബിന്ദു മൂഞ്ഞേലി
- അനിക മൂഞ്ഞേലി
- സിസമ്മ നെടുങ്ങാട്ട്
- മാത്യു കൊറ്റാൻചേരിൽ

## വാർഡ് 8
## സെന്റ് അഗസ്റ്റിൻ

- ജോസ് വർങ്ങലക്കുടിയിൽ
- ഡൈനി വർങ്ങലക്കുടിയിൽ
- ചാൾസ് മുണ്ടങ്ങാട്ടിൽ
- സോന മുണ്ടങ്ങാട്ടിൽ
- സിമി കാരിയ്ക്കൽ
- ത്രേസ്യ നെല്ലൂർ
- റോസ് മേരി കരിമുണ്ടയ്ക്കൽ

## വാർഡ് 9
## ഫാത്തിമ മാതാ

- കിരൺ തൊട്ടിയിൽ
- ജോർജ്ജ് മണ്ണൂർ
- ജിൻസ് ചുണ്ടങ്ങയിൽ
- ജോവാൻ ഊട്ടുകളത്തിൽ
- ജോൺ പാലാക്കാരൻ
- ഗ്രേഷ്മ കാരക്കൊഴുപ്പിൽ
- ഷിന്റ പുതിയാപറമ്പിൽ
- ക്രിസ്റ്റോ ജിൻസ് ചുണ്ടങ്ങായിൽ

## വാർഡ് 10
## ക്രിസ്തുരാജ്

- ജോൺസ് വെളിയന്നൂർക്കാരൻ
- റോബിൻ മലമ്പൂറത്ത്
- അസിൻ തെങ്ങുംപിള്ളിൽ
- അലീന പാലാക്കാരൻ
- മോനി കോയിക്കൽ
- ബാബു കൊച്ചുപുരയ്ക്കൽ
- അഞ്ജലീന കൊച്ചുപുരയ്ക്കൽ

# വിവാഹവാർഷികം

## വാർഡ് 1
## നിർമ്മല മാതാ

- ഫ്രാൻസിസ് & ഫിലോമിന പുത്തൻകുടിയിൽ
- ജോസ് & ലീനാ പീച്ചാട്ട്
- സജി & റോസ്മിൻ കാപ്പിൽ
- രാജു & സിന്ധു സാൻജോ ഭവൻ

## വാർഡ് 2
## സെന്റ് ജോസഫ്

- ഷാജി & സാലി നടുത്തോട്ടത്തിൽ
- ആൻഡ്രൂസ് & ഡെയ്സി നടുത്തോട്ടത്തിൽ
- ബിനോയി & അനിത മാടശ്ശേരിൽ

## വാർഡ് 3
## സെന്റ് മേരിസ്

- ജോണി & ഏലിയാമ്മ അടപ്പൂർ
- ബേബി & ജിൻസി വർങ്ങലക്കുടിയിൽ

**വാർഡ് 4**

## ഹോളി ഫാമിലി

- ബിനോജ് & നിഷ, തോമ്പ്രക്കുടിയിൽ
- ജോയിസ് & ജെറിൻ മുണ്ടയ്ക്കൽ
- ഷാജി & ബെറ്റി പുത്തൻപുരയ്ക്കൽ
- സജൻ & ഡാനി, നടാംകുഴിയിൽ
- ജിബു & ബീന, നടാംകുഴിയിൽ
- തോമസ് & മേരി നടാംകുഴിയിൽ

**വാർഡ് 5**

## സെന്റ് ജോർജ്ജ്

- ഐപ്പ് &റോസമ്മ, ചുണ്ടങ്ങയിൽ
- നോബി & ജോമി, നടാംകുഴിയിൽ
- റെജി & ബിന്ദു, നെല്ലിപ്പിള്ളിൽ
- ബെന്നി & ലാലി ചുണ്ടങ്ങയിൽ
- ടിന്റോ & അഞ്ജു തിരുതാളിൽ

**വാർഡ് 6**

## സെന്റ് ഫ്രാൻസിസ്

- ജോൺ & എൽസമ്മ, കൊമ്പനാതോട്ടം
- പ്രിൻസ്&തെരേസ, കൊമ്പനാതോട്ടം
- മാത്യു & ജെമ്മ, കൊച്ചുപ്ലാക്കിൽ
- തങ്കച്ചൻ& മേരി, കാട്ടുകുടിയിൽ
- സിബി& സ്വപ്നാ, കാട്ടുകുടിയിൽ

**വാർഡ് 7**

## സെന്റ് പീറ്റർ

- മനേഷ് & പ്രിയ, തെക്കെക്കുന്നേൽ
- ജോണി& സൂസി, നടുത്തോട്ടത്തിൽ
- ലിജോ &മെറിൻ, കല്ലുങ്കൽ
- ജോൺ & റീന പ്ലാക്കീൽ
- ആന്റണി & സെലിൻറോസ് മൂത്തേടൻ
- മനു & മേവൽ, തെക്കേക്കുന്നേൽ

## വാർഡ് 8

## സെന്റ് അഗസ്റ്റിൻ

- റെജി & ലിജി പുത്തൻകുടിയിൽ
- ജിജി& ബീന കുഴിപ്പള്ളിൽ

## വാർഡ് 9

## ഫാത്തിമ മാതാ

- ജോർജ് & മോളി, ചുണ്ടങ്ങായിൽ
- ജോസ് & ബീന കണംപിള്ളിൽ
- ജിൻസ് & ബിയ ചുണ്ടങ്ങായിൽ

## വാർഡ് 10

## ക്രിസ്തുരാജ്

- മത്തായി & അന്നമ്മ, ഇഞ്ചയ്ക്കപുത്തൻപുരയിൽ
- സാബു & മിനി തെങ്ങുംപിള്ളിൽ
- പ്രവീൺ & പ്രിൻസി കോയിക്കൽ
- കുഞ്ഞുമോൻ & ലൂസി കണിച്ചാട്ട്
- ബാബു & ജെറിൻ കൊച്ചുപുരയ്ക്കൽ

## വാർഡ് പ്രാർത്ഥന ഭവനങ്ങൾ

**വാർഡ് പ്രാർത്ഥന വചനഭാഗം വി.മത്തായി 6:18-24**

| വാർഡ് | ഭവനം | തീയതി | ദിവസം | സമയം |
|---|---|---|---|---|
| 1 | സിബി പുത്തൻകുടിയിൽ | 03.01.2026 | ഒന്നാം ശനി | 6.30 pm |
| 2 | ജോസ് കാരിക്കുന്നേൽ | 02.01.2026 | ഒന്നാം വെള്ളി | 6.30 pm |
| 3 | വർഗീസ് വാഴയിൽ | 11.01.2026 | രണ്ടാം ഞായർ | 6.00 pm |
| 4 | നെൽസൺ പഴയംപള്ളിൽ | 11.01.2026 | രണ്ടാം ഞായർ | 6.45 pm |
| 5 | നിർമ്മല മടേയ്ക്കൽ | 18.01.2026 | മൂന്നാം ഞായർ | 6.30 pm |
| 6 | ആൽഡ്രിൻ, കാരിക്കാപറമ്പിൽ | 10.01.2026 | രണ്ടാം ശനി | 6.30 pm |
| 7 | ജേക്കബ് കൊണ്ടാട്ടുപറമ്പിൽ | 10.01.2026 | രണ്ടാം ശനി | 7.00 pm |
| 8 | ജോസ് വാഴയിൽ | 25.01.2026 | നാലാം ഞായർ | 6.00 pm |
| 9 | ലിൻസി ബിജു ചുണ്ടങ്ങായിൽ | 25.01.2026 | നാലാം ഞായർ | 6.45 pm |
| 10 | തങ്കച്ചൻ കാക്കരുകുന്നേൽ | 24.01.2026 | നാലാം ശനി | 6.30 pm |

# ദൈവാലയ വായനകൾ

## 2026 ജനുവരി

**പിറവിക്കാലം**

3 ശ 1 കോറി 1:4-9
ലൂക്കാ 2:36-40
**വി. കുര്യാക്കോസ് ഏലിയാസ്**
1 പത്രോ 4:12-19
മത്താ 5:1-12

4 ഞാ പുറ 34:28-35
1 സാമൂ 3:1-10
റോമാ 11:33-12:2
ലൂക്കാ 2:22-24, 41-52

5 തി 1 യോഹ 5:1-5,
യോഹ 5:19-25

**ദനഹാക്കാലം**

6 ചൊ **നമ്മുടെ കർത്താവിന്റെ ദനഹാത്തിരുനാൾ**
പുറ 19:16-25
ജോയേ 2:28-32
2 തിമോ 1:6-10
മർക്കോ 1:1-11

7 ബു 2 തിമോ 3:10-17
ലൂക്കാ 4:23-30

8 വ്യാ ഫിലി 1:12-18
യോഹ 3:22-30

9 വെ **വിശുദ്ധ യോഹന്നാൻ മാംദാന**
2 സാമു 12:1-10
ജറെ 1:4-10, 16-19
ശ്ലീഹ 12:1-11
മത്താ 14:1-12

10 ശ വെളി 4:1-8
ലൂക്കാ 7:18-23

11 ഞാ പുറ 3:9-16
പ്രഭാ 18:1-14
വെളി 1:4-8
യോഹ 8:21-30

12 തി എഫേ 1:15-23
യോഹ 3:31-36

13 ചൊ 1 യോഹ 3:1-10
മർക്കോ 1:21-28

14 ബു വെളി 19:5-10
യോഹ 2:1-12
**വിശുദ്ധ ദേവസഹായം**
റോമ 9:30-33
യോഹ 10:31-39

15 വ്യാ 1 കോറി 6:12-20
യോഹ 2:13-25

16 വെ **വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് ശ്ലീഹന്മാർ**
പുറ 19:1-8
ശ്ലീഹ 10:34-43
ഗലാ 1:11-24
യോഹ 21:15-19

17 ശ ഫിലി 2:5-11
മത്താ 11:25-30

18 ഞാ നിയ 31:1-8
ഏശ 41:8-16
ഫിലി 3:4-16
മർക്കോ 3:7-19

19 തി 1 കോറി 2:1-7
മർക്കോ 6:7-13

20 ചൊ 2 കോറി 2:12-17
മത്താ 4:12-17

**വിശുദ്ധ സെബാസ്ത്യാനോസ്**
നിയ 32:37–43
ഏശ 49:1–4
2 തിമോ 2:1–5
മത്താ 10:24–33

21 ബു 1 യോഹ 2:7–11
യോഹ 9:1–11

22 വ്യാ ശ്ലീഹ 3:19–26
യോഹ 5:39–47

23 വെ ഉത്പ 2:5–17
എസെ 1:1, 4–14
വെളി 4:1–11
ലൂക്ക 8:4–15

24 ശ റോമ 10:5–13
മർക്കോ 1:40–45
**വിശുദ്ധ ഫ്രാൻസിസ് സാലസ്**
എഫേ 3:8–13
യോഹ 15:9–17

25 ഞാ ഉത്പ 29:1–14
2 രാജാ 17:24–28
ഹെബ്രാ 6:1–12
യോഹ 4:1–26
**വിശുദ്ധ പൗലോസിന്റെ മാനസാന്തരം**
പുറ 3:1–14
ശ്ലീഹ 9:1–22
1 കോറി 15:1–10
മത്താ 20:1–16

26 തി **ഇന്ത്യൻ റിപ്പബ്ലിക് ദിനം**
നിയ 30:1–6
യോന 3:1–10
യൂദാ 1:20–25
മത്താ 9:9–13
**വി. തിമോത്തേയോസ്, വിശുദ്ധ തീത്തൂസ്**
2 സാമു 22:2–4
ജ്ഞാനം 7:28–8:3
1 തിമോ 6:11–16
മത്താ 16:24–27

27 ചൊ 2 ദിന 6:24–30
ബാറു 1:15–22
യാക്കോ 5:13–20
യോഹ 1:29–34

28 ബു ഉത്പ 29:15–30
ഹോസി 14:1–9
1 പത്രോ 4:1–11
ലൂക്കാ 7:36–50
**വിശുദ്ധ തോമസ് അക്വിനാസ്**
1 രാജാ 3:5–12
ജ്ഞാനം 7:7–14
1 കോറി 1:18–25
മത്താ 5:13–16

29 വ്യാ എസെ 33:10–16
മിക്കാ 7:8–9, 18–20
3 യോഹ 1:1–8
ലൂക്കാ 15:1–10

30 വെ **വി. എസ്തപ്പാനോസ്**
ഉത്പ 4:1–12
1 രാജാ 21:1–13
ശ്ലീഹ 6:8–15, 7:1–2; 51–60
ലൂക്കാ 23:33–43
**ലോകസമാധാനദിനം**
എഫേ 2:14–22
യോഹ 14:27–31

31 ശ എഫേ 4:25-32
മത്താ 6:5-15
**വിശുദ്ധ ജോൺ ബോസ്കോ**
ഫിലി 4:4-9
മത്താ 18:1-5

## 2026 ഫെബ്രുവരി

1 ഞാ ലേവ്യ 4:13-21
ദാനി 9:1-9
കൊളോ 1:12-19
മർക്കോ 2:1-12
2 തി കൊളോ 2:16-19
മത്താ 12:1-8
**നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം**
(പരിശുദ്ധ കന്യാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ)
ലേവ്യ 12:1-8
ഏശ 42:1-7
റോമാ 9:30-10:4
ലൂക്കാ 2:22-38
3 ചൊ ശ്ലീഹ 5:12-20
മത്താ 12:9-14
4 ബു ഗലാ 3:7-14
യോഹ 5:1-18
**വിശുദ്ധ ജോൺബ്രിട്ടോ**
1 കോറി 9:19-23
യോഹ 15:18-25
5 വ്യാ റോമാ 2:25-29
മത്താ 12:15-21
6 വെ **ആദ്യവെള്ളി**
1 രാജാ 4:29-34
ജ്ഞാനം 7:22-30
1 കോറി 1:18-29
യോഹ 12:20-26
7 ശ റോമ 13:8-14
ലൂക്കാ 10:25-37

| വിശുദ്ധ ഗ്രന്ഥവായനകൾ | | | |
|---|---|---|---|
| തീയതി | സമയം | പഴയനിയമം | ലേഖനം |
| 11.01.2026 | 5.30 am | ജോസ് വെണ്ടർമ്യാലിൽ | ജോസഫ് പീച്ചാട്ട് |
| | 7.00 am | മാത്യു ഊട്ടുകളത്തിൽ | ഷെഫി നടുത്തോട്ടത്തിൽ |
| 18.01.2026 | 5.30 am | ജോർജ്ജ് തെക്കുംപുറം | ജോസ് തലയ്ക്കൽ |
| | 7.00 am | തങ്കച്ചൻ ചേരിയിൽ | ഏലിയാമ്മ പുത്തൻകുടിയിൽ |
| 25.01.2026 | 5.30 am | ജോസ് വെണ്ടർമ്യാലിൽ | ജോൺസൺ വെണ്ടർമ്യാലിൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | റോസ്മി ചെറായിൽ |
| 31.01.2026 | 6.30 am | ജോർജ്ജ് നടുക്കുടിയിൽ | ഷെഫി നടുത്തോട്ടത്തിൽ |
| | 4.30 pm | ജോസ് വെണ്ടർമ്യാലിൽ | റോസ്മി ചെറായിൽ |
| 01.02.2026 | 6.30 am | ജോസ് തലയ്ക്കൽ | ജോസഫ് പീച്ചാട്ട് |
| | 4.30 pm | ജോൺസൺ വെണ്ടർമ്യാലിൽ | ജെയിംസ് വടക്കേൽ |

## സ്നേഹ സ്മരണയ്ക്ക്

**31.01.2026**

**13-ാം ചരമവാർഷികം**



**റോസക്കുട്ടി**
**നെല്ലിപ്പിള്ളിൽ**

## സ്നേഹ സ്മരണയ്ക്ക്

**11.01.2026**

**3-ാം ചരമവാർഷികം**



**ജോർജ്ജ് പൈലി**
**മെതിപ്പാറയിൽ**

## സ്നേഹ സ്മരണയ്ക്ക് 07.01.2026

**22-ാം ചരമവാർഷികം**



**Lt. Cdr. കെ.ജെ. വർക്കി**
**കുഴികണ്ടത്തിൽ**

## സ്നേഹ സ്മരണയ്ക്ക് 13.01.2026

**29-ാം ചരമവാർഷികം**



**വി.റ്റി. ജോസഫ്**
**വടക്കുംതല**

# സ്നേഹ സ്മരണയ്ക്ക്

**14-ാം ചരമവാർഷികം**
**26.01.2026**



**ഫ്രാൻസിസ് സേവ്യർ**
**തോമ്പ്രക്കുടിയിൽ**

**21-ാം ചരമവാർഷികം**
**13.05.2026**




**ലൂസിയമ്മ സേവ്യർ**
**തോമ്പ്രക്കുടിയിൽ**

# സ്നേഹ സ്മരണയ്ക്ക്

**27.1.2026**


**7-ാം ചരമവാർഷികം**



**ഡൊമിനിക്ക് ജോസഫ്**
**നെല്ലൂർ**

## സ്നേഹ സ്മരണയ്ക്ക് 10.01.2026

**4-ാം ചരമവാർഷികം**



**കെ.എം. ജോസഫ്**
**കാരിക്കപ്പെറമ്പിൽ**

## സ്നേഹ സ്മരണയ്ക്ക് 28.01.2026

**2-ാം ചരമവാർഷികം**



**അമ്മിണി**
**മാഞ്ഞൂരാൻ**

സ്നേഹ സ്മരണയ്ക്ക് 25.12.2025



**എം.റ്റി. അലക്സാണ്ടർ**

**മണലിൽ**

സ്നേഹ സ്മരണയ്ക്ക് 06.01.2026

**2-ാം ചരമവാർഷികം**



**പോൾ വർഗീസ്**

**കല്ലുങ്കൽ**

# മൂവാറ്റുപുഴ ഈസ്റ്റ് നിർമ്മല മാതാ ദൈവാലയത്തിൽ

# ഇടവക മദ്ധ്യസ്ഥയായ പരി. കന്യകാമറിയത്തിന്റെയും രക്തസാക്ഷിയായ വി. സെബസ്ത്യാനോസിന്റെയും തിരുനാൾ

**2026 ജനുവരി 31, ഫെബ്രുവരി 1 (ശനി, ഞായർ) തിയതികളിൽ**

മിശിഹായിൽ സ്നേഹം നിറഞ്ഞവരെ,

നമ്മുടെ ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ **അമലോത്ഭവ മാതാവിന്റെയും രക്തസാക്ഷിയായ വി. സെബസ്ത്യാനോസിന്റെയും സംയുക്ത തിരുനാൾ 2026 ജനുവരി 31, ഫെബ്രുവരി 1 (ശനി, ഞായർ) തിയതികളിൽ** ഭക്ത്യാദരപൂർവ്വം കൊണ്ടാടുകയാണ്. തിരുനാൾ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത് വിശുദ്ധരുടെ മദ്ധ്യസ്ഥത്താൽ ദൈവാനുഗ്രഹം പ്രാപിക്കാൻ ഏവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. എല്ലാവർക്കും ക്രിസ്മസിന്റെയും തിരുനാളിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസകൾ നേരുന്നു.

മൂവാറ്റുപുഴ ഈസ്റ്റ്
04-01-2026

എന്ന്, വികാരി : **ഫാ. ജോർജ്ജ് വടക്കേൽ**

കൈക്കാരൻമാർ : **ജെയിംസ് ജോസഫ് വടക്കേൽ**
**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ**

## തിരുനാൾ തിരുക്കർമ്മങ്ങൾ

### 2026 ജനുവരി 31 ശനി

6.15 am - കൊടിയേറ്റ്, തിരുസ്വരൂപ പ്രതിഷ്ഠ, ലദീഞ്ഞ്

6.30 am - **വി. കുർബ്ബാന**
**റവ. ജോർജ്ജ് വടക്കേൽ** (വികാരി)

4.30 pm - **തിരുനാൾ കുർബ്ബാന, സന്ദേശം**
**റവ.ഫാ. ജോസഫ് പുളിയ്ക്കൽ**
(ഡയറക്ടർ ഹെയിൽ മേരി മ്യൂസിക് ബാൻഡ് & വികാരി അരിക്കുഴ പള്ളി)
**സന്ദേശം**
**റവ. ഫാ.പോൾ വാലംപാറയ്ക്കൽ**
(അസി. ഡയറക്ടർ, ഡിവൈൻ മേഴ്സി ഷ്റൈയിൻ, തൊടുപുഴ)

6.30 pm - **പ്രദക്ഷിണം**

8.00 pm - **സമാപന പ്രാർത്ഥന**
**ദിവ്യകാരുണ്യ ആശീർവാദം**

### 2026 ഫെബ്രുവരി 1 ഞായർ

6.30 am - **വിശുദ്ധ കുർബ്ബാന**
**റവ. ഫാ. ജോർജ്ജ് വടക്കേൽ**

4.30 pm - **ആഘോഷമായ തിരുനാൾ കുർബ്ബാന**
**റവ. ഫാ. ജോൺസൺ ഒറോപ്ലാക്കൽ**
(പ്രിൻസിപ്പൽ, സെന്റ് തോമസ് ട്രെയിനിംഗ് കോളേജ്, മൈലക്കൊമ്പ്)
സന്ദേശം
**റവ. ഫാ. മാത്യു തറപ്പിൽ**
(വികാരി ഉപ്പുകുന്നു പള്ളി)

6.00 pm - **പ്രദക്ഷിണം**

8.00 pm - **സമാപന പ്രാർത്ഥന**
**ദിവ്യകാരുണ്യ ആശീർവാദം**

NB: 2) തിരുനാൾ ദിവസങ്ങളിൽ നിർമ്മലമാതാവിന്റെ കിരീടം എഴുന്നള്ളിക്കുന്നതിനും അമ്പ് എഴുന്നള്ളിക്കുന്നതിനും അവസരം ഉണ്ടായിരിക്കും.
3) നിർമ്മലമാതാവിന് അടിമ വയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.